# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 210.** **05.11.2019 ൽ മറുപടിക്ക്.**

### സംരംഭക സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എം. രാജഗോപാലൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്റ്റാർട്ടപ് സംരംഭകത്വത്തിൽ (എ) ഇന്ത്യയിൽ നാലാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാനത്ത് നൂതന ആശയവും സാങ്കേതിക പരിജ്ഞാനവുമുള്ള യുവാക്കളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | കേന്ദ്രസർക്കാർ വകുപ്പായ DPIIT (Department for Promotion of Industry and Internal Trade) 2018 ൽ നടത്തിയ ടോപ് പെർഫോമർ സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ രണ്ടാം സ്ഥാനമാണ് സംസ്ഥാനത്തിന് ലഭിച്ചത്. നൂതന ആശയവും സാങ്കേതിക പരിജ്ഞാനവുമുള്ള യുവാക്കളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>വ്യവസായ വകുപ്പ് :-<br>• സംരംഭക സഹായ പദ്ധതി പ്രകാരം വനിതാ സംരംഭകർക്കും യുവ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.<br>• സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി ക്ലബ്ബുകൾ (Entrepreneur Development Club) പ്രവർത്തിച്ചുവരുന്നു.<br>• സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.<br>• ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ITI, പോളി ടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു. |

- ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി(EDP) നടത്തിവരുന്നു.

- നിലവിലുള്ള സംരംഭകരും, നവ സംരംഭകരും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും, ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കി വരുന്നു.

- എം.എസ്.എം.ഇ മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും, സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്.

മേൽ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാർ സാങ്കേതിക സ്റ്റാർട്ടപ്പ് രംഗത്ത് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ വികസന പദ്ധതിയും കെ.എസ്.ഐ.ഡി.സി മുഖേന യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രാരംഭ മൂലധന സഹായം (സീഡ് ഫണ്ട്) നൽകി വരുന്നുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് വ്യവസായ പ്രോത്സാഹനത്തിന് സംരംഭക സഹായ പദ്ധതി എത്തരത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; യുവസംരംഭകർക്ക് പ്രാരംഭ മൂലധനസഹായം നൽകുന്നുണ്ടോ; | (ബി) സംസ്ഥാനത്ത് സംരംഭകരുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് സംരംഭക സഹായ പദ്ധതി സഹായകപ്രദമാവുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 5600 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ സംരംഭകർ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭക സഹായ പദ്ധതി കാരണമാകുന്നുണ്ട്.<br>ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| | | I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ സഹായമായി നൽകുന്നു. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.<br><br>II. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.<br><br>III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.<br><br>IV. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.<br><br>V. വ്യവസായ വകുപ്പ് ശുപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ടേം ലോൺ ലഭ്യമാക്കി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50%, പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ്പ് സപ്പോർട്ടായി നൽകുന്നു.<br><br>കേരള സ്റ്റാർട്ടപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി എന്നിവർ അർഹരായ സംരംഭകർക്ക് ചുരുങ്ങിയ പലിശനിരക്കിൽ സീഡ് ഫണ്ട് നൽകി വരുന്നു. |
| സി) ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, ഇ.ഡി ക്ലബുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വ്യവസായ വകുപ്പ് സംരംഭകത്വ പരിശീലന പരിപാടി നടത്തി വരുന്നുണ്ടോ; | (സി) | ഉണ്ട്.<br>സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 1148 സംരംഭകർ നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങളെ സമീപിപ്പിച്ചിട്ടുണ്ട്. ആയതിൽ 38 പേർ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 40 പേർ വിവിധ കാരണങ്ങളാൽ പ്രോജക്റ്റ് ഉപേക്ഷിച്ചിട്ടുണ്ട്. 1070 പേർ വിവിധ ആവശ്യങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആയതിൽ നടപടി എടുത്ത് വരുന്നു. |

സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇഡി ക്ലബ്ബുകൾക്ക് 20,000/- രൂപ അനുവദിച്ച് വരുന്നുണ്ട്. 2018-19 വർഷം 327 ക്ലബ്ബുകൾക്കായി 43.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചുവടെ വിവരിക്കുന്ന സംരംഭക പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്.

- ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ITI, പോളി ടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു.

- ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി(EDP) നടത്തിവരുന്നു.

- നിലവിലുള്ള സംരംഭകരും, നവ സംരംഭകരും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും, ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കി വരുന്നു.

- എം.എസ്.എം.ഇ മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും, സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്.

ഡി) തൊഴിൽ സൃഷ്ടിക്കാൻ ഏറെ സാധ്യതയുള്ളതും സാധാരണക്കാർക്ക് അവസരങ്ങൾ ലഭിക്കുന്നതുമായ സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഡി) സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(1) സംരംഭകത്വ സഹായപദ്ധതി
(2) നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
(3)തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി
(4)കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

തദ്ദേശ സ്വയം ഭരണ പ്രദേശത്തുള്ള സ്കിൽഡ്, അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തുള്ള ഏത് തരത്തിലുള്ള ജോലികളും നിർവ്വഹിച്ച് നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ എന്ന ഒരു പുതിയ പദ്ധതിയ്ക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**